




# കല്ലടിക്കോട് ബാറിലെ കൊലപാതകം പ്രതികൾ പിടിയിൽ

കല്ലടിക്കോട് മാപ്പിള സ്കൂൾ സ്റ്റോപ്പിനടുത്തുള്ള ഗായത്രി ബാർ കോമ്പ◌ൗണ്ടിൽ , പരിക്ക് പറ്റി കിടന്ന്, ബാർ ജീവനക്കാർ ആശുപത്രിയിൽ എത്തിക്കുമ്പോഴേക്കും കല്ലടിക്കോട് ,വാക്കോട്, കൈപ്പള്ളിയിൽ മാത്യു ജോസഫ് മരിച്ചിരുന്നു. കൊലപാതകമെന്ന് ഉറപ്പിച്ചതോടെ ഉടനടി പാലക്കാട് ജില്ലാ പോലീസ് മേധാവി സാബു PS IPS ൻെറ നിർദ്ധേശ പ്രകാരം ,ഷൊർണ്ണൂർ DySP TS സിനോജി ൻെറ മേൽനോട്ടത്തിൽ, കല്ലടിക്കോട് എസ് ഐ യുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ പോലീസ് ടീമിനെ കേസന്വേഷണത്തിനായി നിയോഗിച്ചു.



സംഭവ സ്ഥലം ഉടനടി സീൽ ചെയ്ത പോലീസ് ബാർ ജീവനക്കാരെയും ,മദ്യപിക്കാനെത്തിയ നിരവധി പേരെയും ചോദ്യം ചെയ്യുകയുണ്ടായി. യുവാക്കളെ ബാറിനുള്ളിലെ CCTV യിൽ നിന്ന് സെക്യൂരിറ്റിയുടെ സഹായത്തോടെ തിരിച്ചറിഞ്ഞു . തുടർന്ന് CCTV യിൽ നിന്ന് കിട്ടിയ ഫോട്ടോകൾ , രഹസ്യമായി അന്വേഷിച്ച് യുവാക്കളുടെ വിലാസങ്ങൾ മനസ്സിലാക്കിയ പോലീസ് സംഘം തെളിവ് ഒന്നും തന്നെ നശിപ്പിക്കാൻ ഇട നൽകാത്ത വിധം, പ്രതികൾ

തമ്മിൽ ബന്ധപ്പെടാൻ പോലും ഇടം നൽകാതെ, പ്രതികളെ അഞ്ച് പേരെയും പോലീസ് കസ്റ്റഡിയിൽ എടുത്തു.

കാരാകുറിശ്ശി, പുല്ലൻകോട്, ചന്ദ്രന്റെ മകൻ രമേശ്, age 27, കാരാകുറിശ്ശി, കാവുംപടി,പൂവൻതൊടിയിൽ വീട്ടിൽ അമൽ, age.27, കാരാകുറിശ്ശി, വാഴമ്പുറം, മാതം പെട്ടിയിൽ, ചിന്നൻ മകൻ സുനിൽ age 29, കല്ലടിക്കോട് ,കാഞ്ഞിരാനി, വാക്കോട്, മോഴേനി, കോട്ടപ്പുറം, അപ്പുവിന്റെ മകൻ ജിഷ്ണു എന്ന കൃഷ്ണൻ age 23, കല്ലടിക്കോട് കാഞ്ഞിരാനി, വെല്ലു ളളി ശങ്കരൻ കുട്ടിയുടെ മകൻ, ദീപക് 23, എന്നിവരാണ് പോലീസ് പിടിയിൽ ആയത്.

കല്ലടിക്കോട് എസ് ഐ അനിൽകുമാർ T മേപ്പള്ളി യുടെ നേതൃത്വത്തിൽ, അഡീഷനൽ എസ് ഐ, ഡൊമിനിക്ക്, SCPO മാരായ പ്രമോദ്, കാജാ ഹുസൈൻ, അബ്ദുൽ ബഷീർ ജില്ലാ ക്രൈം സ്ക്വാഡ് അംഗം സാജിദ്.സി.എസ്, സിവിൽ പോലീസ് ഓഫീസർമാരായ 'പ്രവീൺ, ശ്യാം, പ്രവീൺ, ഉല്ലാസ്, പദ്മരാജ്, സുമേഷ്, അജു, എന്നിവരടങ്ങിയ സംഘമാണ് കേസ് അന്വേഷിച്ചത്.

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT